**ഭരണഭാഷ–മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**എഡി.ബി7/21747/എച്ച്.എസ്.ഇ/2014** **തീയതി : 12/06/2014**

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് – പ്രിൻസിപ്പാൾ പ്രമോഷൻ റിലിംഗുഷ് ചെയ്തവരെ വീണ്ടും പ്രിൻസിപ്പാൾ പ്രമോഷനുവേണ്ടി പരിഗണിക്കുന്നത് – സംബന്ധിച്ച് –

സൂചന : 09.06.2014–ൽ ഇതേ നമ്പരിൽ ഈ ഓഫീസിൽ നിന്ന് പുറപ്പെടുവിച്ച സർക്കുലർ

ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പളായി മുൻവർഷങ്ങളിൽ നിയമനം ലഭിച്ചതിനുശേഷം താത്കാലികമായി പ്രിൻസിപ്പാൾ പ്രമോഷൻ റിലിംഗുഷ് ചെയ്ത അദ്ധ്യാപകരെ വീണ്ടും പ്രിൻസിപ്പാൾ പ്രമോഷന് പരിഗണിക്കുന്നതിനായി അവരുടെ 2011, 2012, 2013 എന്നീ വർഷങ്ങളിലേയും 2014 മെയ് 31 വരെയുമുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടും (Performance Appraisal Form II (B)) അതാത് വർഷത്തെ സ്വയം വിലയിരുത്തലും സഹിതം 21.06.2014–ന് 5.00 പി.എം–ന് മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അവ്യക്തമായതും, ഭാഗികവുമായ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ മറ്റൊരു അറിയിപ്പ് നൽകാതെ തന്നെ നിരസിക്കുന്നതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളുടെ മുകളിൽ സീനിയോറിറ്റി ലിസ്റ്റിലെ റാങ്ക് നമ്പർ എഴുതേണ്ടതാണ്. ടി റിപ്പോർട്ടുകൾ തപാലിൽ സമർപ്പിക്കുന്നവർ കവറിന്റെ പുറത്ത് "Confidential Reports for Principal Posting 2014" എന്ന് രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പരിഗണിക്കുന്നതല്ല.

ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
ഡയറക്ടർക്കുവേണ്ടി

1) ബന്ധപ്പെട്ട വ്യക്തികൾക്ക്
2) പൊതുവിദ്യാഭ്യാസ ഡയറക്ടർ
3) ഹയർസെക്കന്ററി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ
4) ബന്ധപ്പെട്ട ഗവ.സ്കൂൾ പ്രിൻസിപ്പാൾമാർ/ ഹെഡ്മാസ്റ്റർമാർ
5) കരുതൽ ഫയൽ/ഫയൽകോപ്പി